(സി-എഫ്) പ്രവൃത്തി മൂന്ന തവണ ടെണ്ടർ ചെയ്തു. 2-8-2013- തീയതിയിലെ ടെണ്ടറിൽ 3 പേർ പങ്കെടുത്തു. ഇതിൽ 0.01% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സന്തോഷ് സെബാസ്റ്റ്യന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ടെണ്ടർ നിരസിച്ചതിന് എതിരായി ശ്രീ. പ്രസാദ് മാത്യു കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കാലയളവിൽ പ്രവൃത്തിയുടെ ഫേം പിരീഡ് അവസാനിച്ചതിനാൽ ശ്രീ. സന്തോഷ് സെബാസ്റ്റ്യൻ പ്രവൃത്തി ചെയ്യുവാൻ വിസമ്മതിക്കുകയും ഉണ്ടായി. തുടർന്ന് രണ്ടാം പ്രാവശ്യം ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. 17-7-2014-ൽ ഒരിക്കൽ കൂടി ദർഘാസ് ചെയ്യുവെങ്കിലും ആരും പ്രതികരിച്ചില്ല. തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും 63% അധിക നിരക്കിൽ ശ്രീ. പ്രസാദ് മാത്യു ക്വട്ടേഷൻ നൽകുകയും ആയത് സർക്കാർ ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽനിന്നും 32.5% ഉയർന്ന നിരക്കിൽ LMR അംഗീകരിക്കുവാനോ, റീ ടെണ്ടർ ചെയ്യുവാനോ തീരുമാനം ആകുകയും ഉണ്ടായി. റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും കോടതിയിൽ കേസ് തീർപ്പാക്കാനുള്ള കാലതാമസവും തുടർന്ന് ദർഘാസ് രണ്ടു പ്രാവശ്യവും ക്ഷണിച്ചിട്ട് കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടാകാത്തതും നിർമ്മാണം തടസ്സപ്പെടുവാൻ കാരണമായി. ക്വട്ടേഷൻ തീരുമാനമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

കോട്ടക്കണ്ണി (കൊറത്തിക്കുണ്ട്) പാലത്തിന്റെ പുനർനിർമ്മാണം

314 (1348) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ കോട്ടക്കണ്ണി (കൊറത്തിക്കുണ്ട്) പാലം നിർമ്മാണത്തിന് എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും നിലവിൽ അപകടാവസ്ഥയിലുള്ളതുമായ പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പാലത്തിന്റെ പണി എപ്പോൾ ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കോട്ടക്കണ്ണി പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് സർക്കാരിൽ ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ.

ഉള്ളൂർകടവ് പാലം

315 (1349) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉള്ളൂർക്കടവ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ അംഗീകരിക്കുന്നതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്ന വിശദമാക്കാമോ ;

(ബി) ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നിണ്ടുപോകുന്ന സാഹചര്യത്തിൽ പാലത്തിന്റെ മറ്റ് നടപടികളുമായി മുന്നോട്ട് പോകാമെന്ന് സൂപ്രണ്ടിംഗ് എൻജിനീയർ ചീഫ് എൻജിനീയർ മുൻപാകെ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമായി വ്യക്തമാക്കാമോ ;

(സി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ആഫീസിൽനിന്ന് ധനകാര്യ വകുപ്പിലേക്ക് അയച്ച ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ബന്ധപ്പെട്ട കത്തുകൾ, കുറിപ്പുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) DRIQ Board-ൽ പാലത്തിന്റെ ഡിസൈൻ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) പാലത്തിന്റെ ഇരുകരകളിലും approach road - ന്റെയും പാലത്തിന്റെയും ഉയരം പരമാവധി കുറച്ച് സർക്കാരിന്റെ കൈവശം ഉള്ള സ്ഥലം പരമാവധി ഉപയോഗിക്കാൻ പ്രകൃതിയിൽ പാലത്തിന്റെ രൂപകല്പന DRIQ Board-ൽ പൂർത്തീകരണഘട്ടത്തിലാണ്.

(സി) പാലത്തിനുള്ള അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിനായി 2,17,90,663 രൂപ അനുവദിക്കണമെന്ന ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ധനകാര്യ വകുപ്പിന് അയച്ചിരുന്നു. എന്നാൽ 'ഡിനോവ' ആയ സാഹചര്യത്തിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ധനകാര്യ വകുപ്പ് ആരാഞ്ഞിരിക്കുകയാണ്. ബന്ധപ്പെട്ട കത്തുകൾ, കുറിപ്പുകൾ അനാബന്ധമായി വയ്ക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly